"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാരുടെ സേവനം - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.2059/2021/LSGD തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:-
1. 23/06/2020-ലെ ജി.ഒ (ആർ.റ്റി) നം.1241/2021/തസ്വഭവ.
2. 01/06/2021-ലെ സ.ഉ (സാധാ) നം.1067/2021/തസ്വഭവ.
3. 16/07/2021-ലെ സ.ഉ (സാധാ) നം.1343/2021/തസ്വഭവ.

ഉത്തരവ്

കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ഓരോ സ്റ്റാഫ് നഴ്സിനെ 2020 ജൂൺ ഒന്ന് മുതൽ പ്രാബല്യത്തിൽ 6 മാസത്തേയ്ക്ക് നിയമിയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. അപ്രകാരം നിയമിയ്ക്കപ്പെട്ട സ്റ്റാഫ് നഴ്സിന്റെ സേവനം പരാമർശം 3 പ്രകാരം വീണ്ടും 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു.

2) പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കോവിഡ് പ്രതിരോധ പ്രവൃത്തികൾ നിർവ്വഹിയ്ക്കുന്നതിന് നിയമിയ്ക്കപ്പെട്ട കരാർ ജീവനക്കാരെ, അവരുടെ കരാർ കാലാവധി പൂർത്തിയാവുകയാണെങ്കിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിയ്ക്കുന്നതിനായി ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തുടരാൻ അനുവദിച്ചിരുന്നു.

3) ഈ സാഹചര്യത്തിൽ, പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും നിയമിയ്ക്കപ്പെട്ട സ്റ്റാഫ് നഴ്സുമാർക്കും പരാമർശം 2-ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Reji Rajendran

Deputy Secretary

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reen

സെക്ഷൻ ഓഫീസർ